Deshabhimani 03.01.18

# ഭൂസൂചിക രജിസ്ട്രേഷൻ പട്ടികയിലേക്ക് തിരൂർ വെറ്റിലയും

● സ്വന്തം ലേഖകൻ

**മഞ്ചേരി** > പെരുമയേറിയ തിരൂർ വെറ്റിലയ്ക്കും ഇനി ഭൂസൂചികാ രജിസ്ട്രേഷൻ (ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻസ്) ലഭിക്കും. ഇതാദ്യമായി മലബാറിൽനിന്നുള്ള കാർഷിക വിഭവത്തിന് ഭൂസൂചിക രജിസ്ട്രേഷനുള്ള നടപടി പൂർത്തിയാക്കി. കാർഷിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സമിതിയുടെ നേതൃത്വത്തിൽ ഡോ. സി ആർ എൽസി, അസോസിയറ്റ് പ്രൊഫസർ ഡോ. ബെറിൻ പത്രോസ്, ഗവേഷണ വിദ്യാർഥി പി ടി പ്രീതി എന്നിവരാണ് തിരൂർ വെറ്റിലയുടെ പാരമ്പര്യത്തെയും ഔഷധ ഗുണത്തെയും കുറിച്ചുള്ള പഠനവും രജിസ്ട്രേഷൻ നടപടികളും പൂർത്തീകരിച്ചത്.

ഒരു ഉൽപ്പന്നത്തിന്റെ പ്രത്യേകത, ഗുണമേന്മ എന്നിവ അത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുമായി ബന്ധപ്പെട്ടതാണെങ്കിൽ അവയെ ആ പ്രദേശത്തുകാരുടെ സ്വന്തം സ്വത്തായി പ്രഖ്യാപിക്കുകയെന്നതാണ് ഭൂസൂചിക രജിസ്ട്രേഷൻ. ഇത് ലഭിക്കുന്നതോടെ തിരൂർ വെറ്റിലയുടെ ആഗോള കമ്പോളത്തിലെ മൂല്യം വർധിക്കും. കർഷകർക്ക്ഇത് ഗുണമാകും. രാജ്യത്ത് ഇന്ന് ലഭിക്കുന്നതിൽ ഏറ്റവും മുന്തിയ ഇനമാണ് തിരൂർ വെറ്റില. പ്രത്യേക ഗന്ധവും പാകമായ എരിവും വലിപ്പവുമാണ് തിരൂർ വെറ്റിലയെ വ്യത്യസ്തമാക്കുന്നത്. പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകതയാണ് ഇതിന് കാരണമെന്നാണ് പഠനം. രജിസ്ട്രേഷൻ ലഭിക്കുന്നതോടെ ജില്ലയുടെ കാർഷിക പാരമ്പര്യത്തിനുള്ള അംഗീകാരംകൂടിയാകും ഇത്.

കേരളത്തിൽനിന്നുള്ള 15-ൽപ്പരം കാർഷിക വിഭവങ്ങളാണ് ഇതിനകം ഭൂസൂചിക രജിസ്ട്രേഷൻ പട്ടികയിൽ സ്ഥാനംപിടിച്ചത്. 2003-ലാണ് ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻസ് ഓഫ് ഗുഡ്സ് (രജിസ്ട്രേഷൻ ആൻഡ് പ്രൊട്ടക്ഷൻ) നിയമം ഇന്ത്യയിൽ നിലവിൽ വന്നത്. ലോക വ്യാപാര സംഘടനയുമായി ഇന്ത്യ നടത്തിയ ട്രിപ്സ് കരാറിനെ തുടർന്നായിരുന്നു ഇത്.